ജനയുഗം
JANAYUGOM
12 January 2018

## രാജ്യാന്തര സഫാരി സമ്മേളനം 15ന് തുടങ്ങും

# മത്സ്യമേഖലയിൽ ഉപഗ്രഹവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് രൂപരേഖ തയ്യാറാക്കും

കൊച്ചി: ഉപഗ്രഹവിദ്യകൾ മത്സ്യമേഖലയിലേക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി (സൊസൈറ്റൽ അപ്ലിക്കേഷൻസ് ഇൻ ഫിഷറീസ് ആന്റ് അക്വാകൾച്ചർ യൂസിംഗ് റിമോട്ട് സെൻസിംഗ് ഇമേജറി) സമ്മേളനം 15ന് തുടങ്ങും. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സമ്മേളനത്തിൽ മത്സ്യമേഖലയിലെ വിവിധ പദ്ധതികൾക്കായി ഉപഗ്രഹ വിവരങ്ങൾ ഉപയോഗിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കും.

മീനുകൾ കൂടുതൽ ലഭ്യമായ സ്ഥലങ്ങൾ കണ്ടെത്തൽ, ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്ക് കടലിന്റെ സ്വഭാവത്തെ കുറിച്ചുള്ള മുന്നറിയിപ്പുകൾ, ചാകര, കടലിലെ ഊഷ്മാവ് വ്യത്യാസം തുടങ്ങിയവ മുൻകൂട്ടി മനസ്സിലാക്കൽ, കാലാവസ്ഥാ വ്യതിയാനം മൂലം കടലിന്റെ ആവാസ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചുള്ള പ്രവചനം തുടങ്ങിയവ ഉപഗ്രഹ സാങ്കേതികവിദ്യയുടെ സഹായത്തോടെ സാധ്യമാക്കുന്നതിന് സമ്മേളനത്തിൽ ചർച്ചകൾ നടക്കും.

ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യത്തൊഴിലാളികളുടെ സാന്നിധ്യത്തിൽ പ്രത്യേക ചർച്ചയും സമ്മേളനത്തിന്റെ ഭാഗമായി നടത്തുന്നുണ്ട്. കാലാവസ്ഥാ പ്രവചനം, കടൽ പ്രതിഭാസങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ എന്നിവ ഫലപ്രദമായി മത്സ്യത്തൊഴിലാളികളിലേക്ക് എത്തിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ചയിൽ അവലോകനം ചെയ്യും.

15ന് രാവിലെ 10ന് കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ദേശീയ കാർഷിക ഗവേഷണ സമിതിയുടെ (ഐസിഎആർ) ഡയറക്ടർ ജനറലുമായ ഡോ ട്രിലോചൻ മൊഹാപത്ര സമ്മേളനം ഉദ്ഘാടനം ചെയ്യും. ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ കെ ജെന അധ്യക്ഷത വഹിക്കും. ദേശീയ ബയോഡൈവേഴ്സിറ്റി അതോറിറ്റി ചെയർപെഴ്സൺ ഡോ ബി മീനാകുമാരി, നോർവെയിലെ നാൻസൺ എൻവയോൺമെന്റൽ റിമോട്ട് സെൻസിംഗ് സെന്ററിലെ ലെസ്സെ എച്ച് പെറ്റേഴ്സൺ, യുകെയിലെ ഹൾ സർവകലാശാലയിലെ ഡോ. റോഡ്നി എം ഫോസ്റ്റർ, നാൻസൺ എൻവയോൺമെന്റൽ റിമോട്ട് സെൻസിംഗ് സെന്റർഇന്ത്യ ചെയർമാൻ പ്രൊഫ. എൻ ആർ മേനോൻ എന്നിവർ ഉദ്ഘാടന സെഷനിൽ സംസാരിക്കും.

സമ്മേളനത്തിന്റെ അവസാന ദിവസമായ 17ന് രാവിലെ 10.30ന് നടക്കുന്ന ദുരന്തനിവാരണത്തെ കുറിച്ചുള്ള പ്രത്യേക ചർച്ചയിൽ ഫിഷറീസ് മന്ത്രി ജെ മെഴ്സിക്കുട്ടിയമ്മ മുഖ്യാതിഥിയാകും.